## കൂത്താട്ടുകുളം CDS കോവിഡ് കാല പ്രവർത്തന റിപ്പോർട്ട്

കൂത്താട്ടുകുളം നഗരസഭയിൽ 2000 മുതൽ പ്രവർത്തനം തുടങ്ങിയ cds ഓഫീസ് ഇന്ന് ചെയർപേഴ്സൺ ശ്രിമതി കല രാജു ന്റെ നേതൃത്വത്തിൽ 160 അയല്ക്കൂട്ടങ്ങളും 2570 അംഗങ്ങളും ആയി എത്തി നില്ക്കുന്നത് ഉയരങ്ങളിൽ ആണ് . ലോകം കീഴടക്കിയ കോവിഡ് 19 മഹാ മാരി നമ്മുടെ ജനതയെ സാരമായി ബാധിച്ചു,, ഈ സാഹചര്യത്തിൽ നമ്മുടെ മുനിസിപ്പാലിറ്റിയും കുടുംബശ്രീയും ഒരുമിച്ചു അതിനെതിരായി പോരാട്ടം തുടരുക ആണ് .

കോവിഡ് പ്രധിരോധ പ്രവർത്തനങ്ങുടെ ഭാഗമായി ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ നടത്തുകയും നഗരത്തിലെ വിവിധ ഹോട്സ്പോട് (ബസ് സ്റ്റാൻഡ്,സ്കൂൾ,ഹോസ്പിറ്റൽ,ആരാധാനാലയങ്ങൾ etc ) കണ്ടെത്തി ഹാൻഡ് സാനിറ്റിസ്സർ, മാസ്ക് എന്നിവ കുടുംബശ്രീ അംഗങ്ങൾ മുഖേന വിതരണം ചെയ്യുകയും പുതിയായൊരു മാസ്ക് നിർമാണ യൂണിറ്റ് കുടുംബശ്രീ തുടങ്ങി എല്ലാവർക്കും മാസ്ക് എത്തിച്ചു നൽകുകയും ശുചികരണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുകയും ചെയ്തു .





പ്രത്യേക സാഹചര്യം മുന്നിൽകണ്ട് സർക്കാർ നിർദ്ദേശ പ്രകാരം മാർച്ച് 27, 2020 കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കുകയും നിർധന കുടുംബങ്ങൾക്കും ,അഗതി തൊഴിലാളികൾ ,രോഗികൾ,തുടങ്ങി സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന തീർത്തും നിരാലംബർ ആയ ജനങ്ങൾക് സൗജന്യമായി ഏകദേശം 2500 പൊതി ഊണ് വിതരണം ചെയ്യാൻ സാധിച്ചു. മാർച്ച് 31 കമ്മ്യൂണിറ്റി കിച്ചൻ പൂർണ്ണമായും കുടുംബശ്രീക്ക് വിട്ടുനൽകുകയും ജനകിയ ഹോട്ടലായി പ്രവർത്തനം ആരംഭിക്കുകയുംചെയ്തു.





കൂത്താട്ടുകുളം നഗരസഭയുടെ സമൂഹഅടുക്കളയിൽ ഭക്ഷണപ്പൊതികൾ തയാറാക്കുന്നു.

ബ https://www.facebook.com/weonenews/videos/336895890615296/?t=0 ഹു MLA അനൂപ് ജേക്കബ് കമ്മ്യൂണിറ്റി കിച്ചൻ സന്ദർശിക്കുന്നു

.തുടർന്നു ഏപ്രിൽ 1 2020 **വിശപ്പ് രഹിത കേരളം** പദ്ധതി പ്രകാരം ശ്രിമതി കല രാജു,ശാന്തിനി,ജോജി സിജ മുവരുംചേർന്നു ജനകിയ ഹോട്ടൽആയി പ്രവർത്തനം ആരംഭിക്കുകയും ഒരു ഊണിനു 20 /-രൂപ നിരക്കിൽ ഭക്ഷണം നൽകി നാളിതുവരെ കുടുംബശ്രീ അവരോടു ചേർന്നു പ്രവർത്തിച്ചു പോരുന്നു




കുടുംബശ്രീ അംഗങ്ങൾ ഈ സാഹചര്യത്തിൽ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി സാമ്പത്തിക ബുദ്ധിമുട്ടാണ് അതിനു പരിഹാരം എന്നവണ്ണം കോവിഡ് ലോൺ നല്കുകകയും

626 പേർക് അതിന്റെ ഗുണം ലഭിക്കുകയു ചെയ്തു. ( 623 പേർക് 10000/- രൂപ വീതം 3 പേർക് 20000/- രൂപ വീതവും വിതരണംചെയ്തു )



കോവിഡ് നമ്മളെ പഠിപ്പിച്ച വലിയ ഒരു പാഠം സ്വയം പര്യാപ്തത ആണ് .കൃഷി ചെയ്യാൻ മടിച്ചിരുന്ന ഒരു കൂട്ടം ജനങ്ങളെ അത് ചെയ്യാൻ പ്രരിപ്പിച്ചു അടുക്കളത്തോട്ടമായും തന്നാലാവുന്ന കൃഷിക് നാം ഓരോരുത്തരും, ശ്രമിക്കുകയും അത് വിജയം കൈവരിക്കുകയും ചെയ്തു, കുടുംബശ്രീ അവർക്കുവേണ്ട എല്ലാ സാമ്പത്തിക പിന്തുണയും JLG കിറ്റുകളും നൽകി അവരോടൊപ്പംനിന്നു.

**സൈബർ അരങ്ങു** 'സോഷ്യൽ മീഡിയ പ്രധാന അരങ്ങ് ആക്കി കുടുംബശ്രീ അംഗങ്ങളുടെ വിവിധ കലാപരമായ കഴുവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടത്തിയ പാട്ട് മത്സരം ,കവിത രചന, ജാക്ക് ഫ്രൂട്ട് ചലൻഞ്ച് എന്നീ പ്രവര്ത്തനങ്ങളിൽ പങ്കാളികളാകുകയും ബ്ലോക്ക് തലത്തിൽ മികച്ച പാട്ടുകാരിയെ കൂത്താട്ടുകുളം cds ഇൽ നിന്നും കണ്ടെത്താനും .ശ്രീമതി കല രാജു ചെയർപേഴ്സൺ ന്റെ നേതൃത്വത്തിൽ സാധിച്ചു





ചക്കക്കുരു ഷെയ്ക്ക്

**മിനി അജി** മി കച്ച പാട്ടുകാരി ബ്ലോക്കുതലം

മാതൃ ദിനത്തോട് അനുബന്ധിച്ച ആശാ വർക്കേഴ്സും സ്വാന്തനവും ചേർന്ന് 60 വയസിനു മുകളിൽപ്രായമായ അംഗങ്ങളുടെ അടുത്തു ചെന്ന് സൗജന്യ മെഡിക്കൽ ചെക്കപ്പ് നടത്തുകയും കോവിഡ് പ്രെതിരോധ മാർഗ നിർദ്ദേശങ്ങൾ നൽകുകയും മസ്‌ക വിതരണവും നടത്തി.





മഴക്കാലപൂർവ ശുചികരണ പ്രവർത്തങ്ങളിൽ കുടുംബശ്രീ അംഗങ്ങൾ പങ്കെടുക്കുകയും സ്വന്തം പുരയിടവും പരിസരവും വൃത്തി ആക്കാനും .ഡെങ്കി പനി പടരുന്ന സാഹചര്യത്തിൽ മുൻകരുതലെന്നോണം കൊതുക് വളരുന്ന സാഹചര്യങ്ങൾ നമ്മുടെ പരിസരത്തു നിന്നും ഇല്ലാതാക്കാനും കുടുംബശ്രീ അംഗമെന്ന നിലയിൽ ഓരോരത്തരും ശ്രമിച്ചു

സന്ദേശങ്ങൾ കൈമാറാനും ആശയവിനിമയവും സുഗപ്രതം ആക്കാനും നമ്മളെ സഹായിച്ചത് വാട്സ്ആപ്പ് കൂട്ടായമ ആണ്, കൂത്താട്ടുകുളം cds ന്റെ നേതൃതവത്തിൽ ഒരുഗ്രൂപ്പ് ഉണ്ടാകുകയും പ്രധാന കാര്യങ്ങളെല്ലാം കുടുംബശ്രീ അംഗങ്ങളിലേക്ക് എത്തിച്ചു കൊടുക്കുകയും ചർച്ച നടത്താനും സമയോജിതമായ ഇടപെടൽ നടത്താനും അതുവഴി സാധിച്ചു

ഈ പ്രത്യേക സാഹചര്യത്തിൽ എല്ലാത്തരത്തിലുള്ള പ്രവർത്തനങ്ങളിലും കുടുംബശ്രീയും കുടുംബശ്രീ അംഗങ്ങളും നിങ്ങളുടെ കുടെയുണ്ടാകുമെന്നു അറിയിക്കുന്നു

റിപ്പോർട്ട് തയ്യാറാക്കിയത

ബിബിൻ ഗോപി ME BC 9633363987

കല രാജു ( ചെയർപേഴ്സൺ ) 9656619614, Rajani [ accountant] 9495102262

ബ്ലോക്ക് കോഓർഡിനേറ്റർ ME